## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4697** | **29.06.2012- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കേരളത്തിൽ കൃഷി വകുപ്പിനു കീഴിൽ കൃഷി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് വിശദമാക്കുമോ;

(എ) 880 (147 സൂപ്പർന്യൂമററി ഉൾപ്പെടെ).

**ജില്ല തിരിച്ചുള്ള വിവരം**

| | | |
|---|---|---|
| തിരുവനന്തപുരം | - | ഇല്ല |
| കൊല്ലം | - | ഇല്ല |
| പത്തനംതിട്ട | - | 51 |
| ആലപ്പുഴ | - | 70 |
| കോട്ടയം | - | 45 |
| ഇടുക്കി | - | 40 |
| എറണാകുളം | - | 63 |
| തൃശ്ശൂർ | - | 155 |
| പാലക്കാട് | - | 96 |
| മലപ്പുറം | - | 140 |
| വയനാട് | - | ഇല്ല |
| കോഴിക്കോട് | - | 110 |
| കണ്ണൂർ | - | 95 |
| കാസർഗോഡ് | - | 15 |
| **ആകെ** | - | **880** |

(ബി) കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ മൂലം പദ്ധതികൾ നടപ്പിലാക്കുന്നതിൽ വരുന്ന ബുദ്ധിമുട്ടുകൾ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ എത്രയും വേഗം നികത്തണമെന്ന് പി.എസ്.സി.യോട്

| | |
|---|---|
| സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ആവശ്യപ്പെട്ടപ്പോൾ കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലായെന്ന് പി.എസ്.സി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുവാൻ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റിന്റെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായും ഇതുമൂലം കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പല പദ്ധതികളുടെയും നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയാതെ വരുന്നതായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി, ഒഴിവുകളുടെ എണ്ണം എന്നിവ വിശദമാക്കാമോ; | (സി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| തീയതി | | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 02.08.2007 | - | 238 |
| 12.03.2008 | - | 2 |
| 12.03.2008 | - | 103 |
| 23.04.2008 | - | 3 |
| 24.05.2008 | - | 2 |
| 19.12.2008 | - | 180 |
| 19.12.2008 | - | 5 |
| 08.07.2009 | - | 1 |
| 29.09.2009 | - | 88 |
| 12.03.2009 | - | 4 |
| 31.10.2009 | - | 162 |
| 31.05.2011 | - | 252 |
| 15.07.2011 | - | 147 |
| | | **1187** |

കൃഷി അസിസ്റ്റന്റുമാരുടെ 1125 ഒഴിവുകളും അഗ്രികൾച്ചറൽ അസിസ്റ്റന്റിൽ നിന്നും അഗ്രികൾച്ചറൽ ആഫീസർ/അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിയാൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളായി 62 എണ്ണവും ഉൾപ്പെടെ 1187 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 20 ഒഴിവുകളിലേക്ക് മാത്രമേ പ്രൊമോഷൻ നടപടികൾ പൂർത്തീകരിച്ച് ഒഴിവുകൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ശേഷിക്കുന്ന 42 ഒഴിവുകളിലേക്ക് പ്രൊമോഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാതിരുന്നതിനാൽ പ്രസ്തുത ഒഴിവുകൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല. ആകെ റിപ്പോർട്ട് ചെയ്ത 1187 ഒഴിവുകളിൽ നിന്നും അഡ്വൈസ് ലഭിച്ച (265) ഉദ്യോഗാർത്ഥികളുടെ എണ്ണവും സൃഷ്ടിക്കപ്പെടുവാൻ കഴിയാതെ പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്ത (42) ഒഴിവുകളും കൂടി കുറയ്ക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം 880 ആണ്.

| | |
|---|---|
| (ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ